**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 38 11.06.2012 - ലെ മറുപടിക്ക്

<u>ജില്ലാ വെയിറ്റേജ് മാർക്ക്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |

(എ) പി.എസ്.സി. നിയമനങ്ങളിൽ അതാത് **ജില്ലകാ**ംക്ക് നൽകുന്ന **വെയിറ്റേജ്** മാർക്ക് നിലവിൽ നൽകുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ നൽകാത്തതിന് കാരണം വ്യക്തമാക്കാമോ ;

(സി) ഹൈക്കോടതി വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അപ്പീൽ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ?

<u>(എ) യും (ബി)യും (സി)യും (ഡി)യും</u>

പി.എസ്.സി. നിയമനങ്ങളിൽ അതാത് ജില്ലയിൽ ഉള്ള ഉദ്യോഗാർത്ഥികാംക്ക്, തഹസിൽദാറിൽ കുറയാത്ത റാങ്കിലുള്ള ജില്ലാ തല ഉദ്യോഗസ്ഥൻ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, 5 മാർക്കിന്റെ വെയ്റ്റേജ് നൽകുവാൻ KS&SSR പാർട്ട് II ചട്ടം 5 A -യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ബഹു. കേരള ഹൈക്കോടതി 18.01.2012 - ൽ, 16516/11 നമ്പർ റിട്ട് ഹർജിയിലും അനുബന്ധ കേസുകളിലും, പ്രസ്തുത വ്യവസ്ഥക്കെതിരെ വിധിന്യായം പുറപ്പെടുവിച്ചതിനെ തുടർന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഇക്കാര്യത്തിന്മേൽ അപ്പീൽ ഫയൽ ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിനെതിരെ സർക്കാരിന് അപ്പീൽ ഫയൽ ചെയ്യാനാകുമോ എന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ